**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2621** **13-12-2022 - ൽ മറുപടിയ്ക്ക്**

**പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടന്റ് ഏജൻസികൾക്ക് പ്രവൃത്തികൾ നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇലക്ട്രോമെക്കാനിക്കൽ, സിവിൽ പ്രവൃത്തികൾ പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടന്റ് ഏജൻസികൾക്ക് നൽകുവാനുള്ള നടപടി സ്വീകരിക്കുമോ; | (എ) | 2/9/2022 ലെ സ.ഉ (പി) നം. 104/2022/ധന പ്രകാരം ഇലക്ട്രോമെക്കാനിക്കൽ, സിവിൽ പ്രവൃത്തികൾ പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടന്റ് ഏജൻസികൾക്ക് നൽകാവുന്നതാണ്. |
| (ബി) | എം.എൽ.എ. ഫണ്ട് വഴിയുള്ള ഇത്തരം പ്രവൃത്തികൾ എം.എൽ.എ. മാർ നിർദേശിക്കുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് നൽകുവാനുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ; | (ബി) | സ.ഉ (പി) 67/2021/ധന തീയതി 28/4/2021 ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കേണ്ടത് സുതാര്യമായ ബിഡിംഗ് നടപടികളിലൂടെയാണ്. ആകയാൽ സർക്കാർ അക്രഡിറ്റഡ് ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് സുതാര്യമായ ബിഡിംഗ് നടപടികളിലൂടെയാണ് ഏജൻസികളെ തെരഞ്ഞെടുക്കുന്നത്. |
| (സി) | ഒരു കോടി രൂപവരെയുള്ള പ്രവൃത്തികൾ നോൺ പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടന്റുമാർ ഏറ്റെടുത്ത് ചെയ്യുമ്പോൾ ഈ വർക്കുകൾ പി.എം.സികൾക്കും നൽകുവാൻ അവസരം നൽകുമോ; | (സി) | അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട നിലവിലെ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി, അനുവദിച്ചിട്ടുള്ള പരിധി വരെയുള്ള പ്രവൃത്തികൾ പി.എം.സികൾക്ക് നൽകാവുന്നതാണ്. |
| (ഡി) | പി.എം.സികളുടെ പ്രവൃത്തികൾ പ്രൈസ് സോഫ്റ്റ് വെയർ മുഖാന്തരം നടപ്പാക്കുന്നതിന് ഉണ്ടാകുന്ന തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | നിലവിൽ തടസ്സങ്ങളൊന്നുമില്ല. |

സെക്ഷൻ ഓഫീസർ